(എ) ഡോക്ടർ അംബേദ്കറുടെ പേരിൽ കേരളത്തിൽ ഉന്നത വിദ്യാഭ്യാസ രംഗത്ത് ഒരു വിദ്യാഭ്യാസ സ്ഥാപനം ആരംഭിക്കണമെന്ന ആവശ്യത്തിന്മേൽ എന്തെങ്കിലും നടപടി ആരംഭിച്ചിട്ടുണ്ടോ;

(ബി) ഈ കാര്യത്തിൽ അടിയന്തിര നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ)ആന്റ്(ബി) ഡോ. അംബേദ്കറുടെ പേരിൽ കേരളത്തിൽ ഉന്നത വിദ്യാഭ്യാസ രംഗത്ത് ഒരു വിദ്യാഭ്യാസ സ്ഥാപനം ആരംഭിക്കണമെന്ന നിർദ്ദേശം ഇപ്പോൾ പരിഗണനയിലില്ല.

19 (2397) പട്ടികജാതി/പട്ടിക വർഗ്ഗക്കാർ എടുത്തിട്ടുള്ള വായ്പ

ശ്രീ. പി.കെ. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.സി/എസ്.ടി. വികസന കോർപ്പറേഷൻ, ഹൗസിംഗ് ബോർഡ്, മറ്റു വകുപ്പുകൾ വഴി 10,000 രൂപ വരെ ഭവന നിർമ്മാണ വായ്പ എടുത്തിട്ടുള്ള എസ്.സി./എസ്.ടി. വിഭാഗത്തിൽപ്പെട്ടവർക്കെതിരെ വായ്പ തിരിച്ചടയ്ക്കുവാൻ കഴിയാത്തതിന്റെ പേരിൽ ജപ്തി നടപടികൾ സ്വീകരിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ കടങ്ങൾ എഴുതിത്തള്ളി ഇവരെ രക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പരിശോധിക്കുന്നതാണ്.

20 (2398) വേട്ടുവ സമുദായത്തിൽപ്പെട്ട തോട്ടം തൊഴിലാളികളുടെ പ്രശ്നങ്ങൾ

ശ്രീ. എ. കണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ അഞ്ചരക്കണ്ടി പഞ്ചായത്തിലെ വേട്ടുവ സമുദായത്തിൽപ്പെട്ട തോട്ടം തൊഴിലാളികൾ നേരിടുന്ന നിരവധി പ്രശ്നങ്ങൾ സംബന്ധിച്ച കേരള സ്റ്റേറ്റ് കർഷക തൊഴിലാളി യൂണിയൻ എടക്കാട് ബ്ലോക്ക് കമ്മിറ്റി സമർപ്പിച്ചിരുന്ന നിവേദനത്തിന്മേൽ (നമ്പർ.21091/എൽ2/99) എന്ന റവന്യൂ വകുപ്പിന്റെ ഫയൽ പ്രകാരം എന്ത് നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്;

(ബി) വിശദീകരിക്കുമോ?

ഉത്തരം

(എ)&(ബി) നിവേദനത്തിന്മേൽ ആവശ്യമായ നടപടി സ്വീകരിക്കുവാൻ നിർദ്ദേശിച്ചുകൊണ്ട് കണ്ണൂർ ജില്ലാ കളക്ടർക്ക് അയച്ചിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly